LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.ക്ക് പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നുള്ള സഹായം

154 (5559) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വൈദ്യുത മേഖലയുടെ വികസനത്തിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നത് ; ഈ സർക്കാരിന്റെ കാലത്ത് ഇങ്ങനെ എത്ര രൂപ സ്വരൂപിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പവർ ഫിനാൻസ് കോർപ്പറേഷൻ വൈദ്യുതി ബോർഡിന്റെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ ;

(സി) എങ്കിൽ അതുമൂലം എത്ര മെഗാവാട്ട് വൈദ്യുതി വർദ്ധിപ്പിക്കാൻ സഹായിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ. ബോർഡിന്റെ ആഭ്യന്തര വിഭവ സമാഹരണം കൂടാതെ ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്ന കടങ്ങളും ഉപഭോക്താക്കളിൽ നിന്നും OYEC, മറ്റു ഡെപ്പോസിറ്റ് വർക്കുകൾക്കുള്ള തുകകൾ, മറ്റു ഗ്രാന്റുകൾ എന്നിവയുമാണ് വികസനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. 2006 ഏപ്രിൽ മുതൽ 2009 മാർച്ചുമാസം വരെ ഈ രീതിയിൽ 964 കോടിയോളം രൂപ ബോർഡിനു ലഭിച്ചിട്ടുണ്ട്.

(ബി) ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെയും (3X60 MW), പൊരിങ്ങൽകുത്ത് ഇടത്തുകര കനാൽ വികസന പദ്ധതിയുടെയും (1X16MW) പൂർത്തീകരണത്തിനായും ശബരിഗിരി പദ്ധതിയുടെ നവീകരണത്തിനായും പവർ ഫിനാൻസ് കോർപ്പറേഷനിൽനിന്നും ദീർഘകാല വായ്പ ബോർഡിന് ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ഥാപിത ശേഷിയിൽ 198.75 MW-ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പവർ ഫിനാൻസ് കോർപ്പറേഷന്റെ വായ്പ ഉപയോഗിച്ച് താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയാക്കിയത് വഴി സ്ഥാപിത ശേഷിയിൽ 231 MW-ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

1. ലോവർ പെരിയാർ പദ്ധതി - 180 MW (29-9-1997-ൽ കമ്മീഷൻ ചെയ്തു)

2. പൊരിങ്ങൽകുത്ത് ഇടതുകര വിപുലീകരണ പദ്ധതി - 16 MW (20-3-1999-ൽ കമ്മീഷൻ ചെയ്തു)

4. ശബരിഗിരി നവീകരണ പുനരുദ്ധാരണ പദ്ധതി (ആകെ ആറ് യൂണിറ്റ്) - 35 MW

ആദ്യ യൂണിറ്റ് ജൂലായ് 2005-ലും അവസാനത്തെ യൂണിറ്റ് 2009 ഡിസംബറിലും പൂർത്തിയാക്കി.